DESPATCHED
On 08/06/2020

27/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ AP.No.1853(4)/2017/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.12655/SIC-Gen 2/2017**

**സന്നിഹിതൻ**

**ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.ടി. രാമകൃഷ്ണൻ,
പിതൃച്ഛായ,
സ്വാമി വിവേകാനന്ദ മാർഗ്ഗം,
പയ്യന്നൂർ – 670 307, കണ്ണൂർ.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (ഡി സെക്ഷൻ),
ജില്ലാ കളക്ടറേറ്റ്, കണ്ണൂർ.

2. അപ്പീൽ അധികാരി &
ഡെപ്യൂട്ടി കളക്ടർ (ജനറൽ),
ജില്ലാ കളക്ടറേറ്റ്, കണ്ണൂർ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 02.05.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 01.06.2017 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 10.07.2017 |
| മറുപടി ലഭ്യമാക്കിയ തീയതി | 18.08.2017 |
| രണ്ടാം അപ്പീൽ അപേക്ഷ കമ്മീഷനിൽ നൽകിയ തീയതി | 21.09.2017 |
| കമ്മീഷനിൽ രണ്ടാം അപ്പീൽ അപേക്ഷ ലഭ്യമായ തീയതി | 26.09.2017 |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ 14.01.17ൽ ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരങ്ങളും, ഇതിന് ആധാരമായ രേഖകളുടെ പകർപ്പുകളും ആവശ്യപ്പെട്ട് 02.05.17ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണ് അപ്പീൽ ഹർജിക്ക് ആധാര മായ വിഷയം.

2. ഇതുമായി ബന്ധപ്പെട്ട് 29.06.19ൽ കണ്ണൂർ കളക്ടറേറ്റിൽ ഹിയറിംഗ് നടത്തി. ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്തു. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല.

3. അപ്പീൽ ഹർജിക്കാരന് നിശ്ചിത സമയത്തിനുള്ളിൽ മറുപടി നൽകിയതാണെന്നും, ടിയാൻ ആവശ്യപ്പെട്ട രേഖകളുടെ പകർപ്പിന് ഫീസടക്കണമെന്ന് അറിയിച്ചെങ്കിലും ടിയാൻ അതിന് തയ്യാറായില്ലെന്ന് ഒന്നാം എതിർകക്ഷി ഹിയറിംഗിൽ മൊഴി നൽകി. ഇക്കാരണം കൊണ്ടു തന്നെ അപ്പീൽ ഹർജിക്കാരൻ നൽകിയ ഒന്നാം

അപ്പീൽ, അപ്പീലധികാരി തള്ളിക്കൊണ്ട് 18.08.17ൽ ഉത്തരവായിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി പറഞ്ഞു.

4. ഒന്നാം എതിർകക്ഷിയുടെ മൊഴിയും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ, ടിയാൻ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണെന്ന് കമ്മീഷൻ നിരീക്ഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ടി അപ്പീൽ ഹർജി പരിഗണിക്കേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിക്കുന്നു. അപ്പീൽ ഹർജി തള്ളി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 27–ാം തീയതി കമ്മീഷൻ ഉത്തരവാകുന്നു.

(ഒപ്പ്)
കെ.വി.സുധാകരൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION
KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.